# കേരളത്തിൽ 1,000 കോടി രൂപയുടെ വിൽപ്പന ലക്ഷ്യമിട്ട് ഹാവെൽസ്



ഹാവെൽസ് ഗ്രൂപ്പിൻെറ ഭാഗമായ ലോയിഡിൻെറ പുതിയ യു.എൽ.ഇ.ഡി. ടെലിവിഷൻ ശ്രേണി നടൻ മോഹൻലാൽ വിപണിയിൽ അവതരിപ്പിക്കുന്നു. ലോയിഡ് സി.ഇ.ഒ. ശശി അറോറ, ഹാവെൽസ് ഇന്ത്യ ചെയർമാനും മാനേജിങ് ഡയറക്ടറുമായ അനിൽ റായ് ഗുപ്ത എന്നിവർ സമീപം.

**കൊച്ചി ▸** കൺസ്യൂമർ ഇലക്ട്രിക്കൽ ഉത്പന്ന നിർമാതാക്കളായ ഹാവെൽസ് കേരളത്തിലെ വാർഷിക വിൽപ്പന മൂന്ന് വർഷത്തിനുള്ളിൽ 1,000 കോടി രൂപയിലെത്തിക്കാൻ ലക്ഷ്യമിടുന്നു. നിലവിൽ 500 കോടി രൂപയാണ് ഹാവെൽസിൻെറയും അനുബന്ധ ബ്രാൻഡായ ലോയിഡിൻെറയും കൂടി കേരളത്തിലെ വിൽപ്പന.

ഇന്ത്യയിൽ 10,000 കോടി രൂപയാണ് ഹാവെൽസിൻെറ വിറ്റുവരവെന്നും ഇതിൽ ലോയിഡിൻെറ സംഭാവന 2,000 കോടി രൂപയാണെന്നും ഹാവെൽസ് ഇന്ത്യ ചെയർമാനും മാനേജിങ് ഡയറക്ടറുമായ അനിൽ റായി ഗുപ്ത വ്യക്തമാക്കി. മൊത്തം വിൽപ്പനയുടെ 30 ശതമാനവും ദക്ഷിണേന്ത്യയിൽ നിന്നാണെന്നും അദ്ദേഹം പറഞ്ഞു. ഇലക്ട്രിക്കൽ ഉത്പന്നങ്ങളുടെ വിപണിയിൽ 25 ശതമാനമാണ് ഹാവെൽസിൻെറ വളർച്ച. എ.സി. വിപണിയിൽ രണ്ടാം സ്ഥാനത്താണ് ലോയിഡിൻെറ സ്ഥാനമെന്നും പുതിയ സാങ്കേതിക വിദ്യയിലെ ഉത്പന്നങ്ങളുമായി ഉത്പന്നനിര വിപുലീകരിക്കുമെന്നും ലോയിഡ് സി.ഇ.ഒ. ശശി അറോറ പറഞ്ഞു.

ലോയിഡിൻെറ പുതിയ തലമുറയിലെ 4കെ യു.എൽ.ഇ.ഡി. ടെലിവിഷനുകളും മോഹൻലാൽ വിപണിയിൽ അവതരിപ്പിച്ചു.

ലോക്കൽ ഡിമ്മിങ് സാങ്കേതിക വിദ്യ ഉപയോഗിച്ചിരിക്കുന്ന ടെലിവിഷൻ 55 മുതൽ 65 ഇഞ്ച് വരെ അളവിൽ ലഭ്യമാകും. വില 1.75 ലക്ഷം രൂപ മുതൽ 2.5 ലക്ഷം വരെ.